# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1056** — **06.06.2018 ലെ മറുപടി**

### ചിറ്റൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി: | മാത്യൂ ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) 2017-2018 ബജറ്റിൽ പ്രഖ്യാപിച്ചതും ഏരികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തിയതുമായ വെങ്കലകയം, കുന്നംപിടരി, കമ്പാലത്തറ എന്നീ ഏരികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) വെങ്കലക്കയം, കുന്നംപിടരി, കമ്പാലത്തറ എന്നീ ഏരികളുടെ ആഴം കൂട്ടി അവയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇതിനായുള്ള പ്രവർത്തികൾ 2 വിഭാഗങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാമതായി മൂന്നു ഏരികളുടെ desilting ചെയ്ത് ആഴം കൂട്ടുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനുള്ള മണ്ണ് പര്യവേഷണ പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>രണ്ടാമതായി ഏരികളുടെ ബണ്ടിൽ കൂടിയുള്ള seepage തടയുന്നതിനുള്ള പ്രവർത്തികൾ, LBMC മെയിന്റനൻസ് പ്രവൃത്തികൾ, ബണ്ട് റോഡിന്റെ നിർമ്മാണം, ഷട്ടർ അറേഞ്ച്മെന്റ് എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) 2017-2018 ബഡ്ജറ്റിൽ പ്രഖ്യാപിച്ച, കിഫ്ബിയിലൂടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്ററുകളിൽ ചിറ്റൂർ പുഴയ്ക്ക് കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവുപാലത്ത് നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും പെരുവമ്പ് പഞ്ചായത്തിൽ പാലത്തുള്ളി വടകരപ്പള്ളിയിൽ നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കുമോ? | (ബി) ചിറ്റൂർ പുഴയ്ക്ക് കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവ് പാലത്ത് നിർമ്മിക്കുന്ന റഗുലേറ്ററിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി.എഫ് XXIV ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചിറ്റൂർ പുഴയ്ക്ക് കുറുകെ പെരുവെമ്പ്<br><br>പഞ്ചായത്തിൽ പാലത്തുള്ളി വടകര പള്ളിയിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന റഗുലേറ്ററിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഐ.ഡി.ആർ.ബി രൂപകല്പന പ്രകാരം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ